23/11/21


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-ma il: sic.ker@nic.in


**ഹർജി നമ്പർ CP No. 770(2)/2020/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 15123/SIC-G6/2020)**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ആർ. സഞ്ജയ്,
രവീന്ദ്ര വിലാസം,
വെഞ്ഞാറമൂട് (പി.ഒ),
തിരുവനന്തപുരം. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്,
വെഞ്ഞാറമൂട് (പി.ഒ),
തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 19/06/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 28/12/2020 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 29/12/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/01/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 08/03/2021 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 02/11/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ആർ. സഞ്ജയ്, 28/12/2020 തീയതി സമർപ്പിച്ച പരാതി ഹർജി 29/12/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 770(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ് ഉന്നയിച്ചിരിക്കുന്നത്.

3. വെഞ്ഞാറമൂട് സബ് ഇൻസ്പെക്ടർ രജിസ്റ്റർ ചെയ്ത FIR No. 884/2018 കേസ് റദ്ദ് ചെയ്യുന്നതിന് കേരള ഹൈക്കോടതിയിൽ ടിയാൻ ഫയൽ ചെയ്ത ക്രിമിനൽ MC 13373/2018 രജിസ്റ്റർ നമ്പർ 7301/2018-KLHC01-082056 തീയതി 31/10/2018 കേസിന് പോലീസ് സ്റ്റേഷൻ മറുപടിക്കത്ത് കൊടുത്തതുമായി ബന്ധപ്പെട്ടുള്ള താഴെപറയുന്ന വിവരങ്ങളാണ് പരാതി ഹർജിക്കാരൻ 19/06/2020 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്.

a) ടി കേസ്സുമായി ബന്ധപ്പെട്ടു കേരള ഹൈക്കോടതിയിൽ നിന്നും ടി പോലീസ് സ്റ്റേഷനിലേയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ള കത്തുകളോ ഉത്തരവുകളോ വന്നിട്ടുണ്ടോ എന്നും വിശദീകരണം നൽകണമെന്നും

b) ഉത്തരവുകളോ, കത്തുകളോ വന്നിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകണമെന്നും

c) മറുപടി കൊടുത്തിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പും

d) കൊടുത്തിട്ടില്ലെങ്കിൽ എന്താണ് കാരണം വിശദാംശങ്ങൾ നൽകണമെന്നുമാണ്.

4. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ 26/02/2021-ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 19/06/2020-ൽ ഹർജിക്കാരൻ ടി ഓഫീസിൽ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് മറുപടി നൽകിയില്ലായെന്നതാണ് 28/12/2020-ൽ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയിൽ പറഞ്ഞിട്ടുള്ളതെന്നും, എന്നാൽ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിലെ ആർ.റ്റി.ഐ രജിസ്റ്റർ പരിശോധിച്ചതിൽ ടിയാന്റെ 19/06/2020-ലെ അപേക്ഷ 25/07/2020-ൽ ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതായും ആയതിന് തപാൽ മാർഗ്ഗം മറുപടി നൽകിയിട്ടുള്ളതായും രേഖപ്പെടുത്തി കാണപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ ഫയൽ പരിശോധിച്ചതിൽ ടി അപേക്ഷയ്ക്ക് നൽകിയ മറുപടിയുടെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ലെന്നും, 23/01/2021-ലെ കമ്മീഷന്റെ നിർദ്ദേശ പ്രകാരം ടി കത്തിന്റെ പകർപ്പ് പരാതിക്കാരന് അയച്ചുകൊടുത്തിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ടിയാന് ലഭിച്ചിട്ടി ല്ലാത്ത സാഹചര്യത്തിൽ 02/11/2021–ലെ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരനു രജിസ്റ്റേർഡ് പോസ്റ്റിൽ അയച്ചു നൽകണമെന്നു ഒന്നാം എതിർകക്ഷിയ്ക്ക് 02/11/2021–ന് നടന്ന ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശം നൽകിയ സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 2–ാം തീയതി** കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV